TB Weekly Movie Review

**#moviepanel**

മലയൻ കുഞ്ഞ്

ആരാണ് മലയൻ കുഞ്ഞ്? , അതിന്റെ ഉത്തരത്തിലേക്കുള്ള പ്രേക്ഷകന്റെ യാത്രയാണ് ഈ സിനിമ. പോസ്റ്ററുകളിൽ വിശേഷിപ്പിക്കുന്നത് പോലെ ഇത് ഒരു സർവൈവൽ ത്രില്ലർ മാത്രമല്ല.ജാതീയതയുടെ ആഴത്തിൽ നിന്നുള്ള മുങ്ങി നിവരൽ കൂടിയാണ്.

അനികുട്ടൻ എന്ന ഫഹദ് അവതരിപ്പിക്കുന്ന നായക കഥാപാത്രം സ്വാർത്ഥനും ചില വിഭാഗം ആളുകളെ വെറുപ്പോടെ കാണുകയും ചെയ്യുന്ന ഒരാളാണ്, അനി കുട്ടന്റെ ജീവിതത്തിൽ മുൻപുണ്ടായ ദുരന്താനുഭവങ്ങൾ ഒന്നു കൊണ്ടും അവയെ ന്യായികരിക്കാൻ സിനിമ ശ്രമിച്ചിട്ടില്ല.. അനി കുട്ടൻ തന്റെ ജീവിതത്തിൽ വളരെ വെറുപ്പോടെ കണ്ട ഒരു ശബ്ദം പിന്നീട് അയാളുടെ ജീവിതത്തിന്റെ പ്രതീക്ഷയുടേ സംഗീതമായി മാറുന്നതാണ് സിനിമയുടെ ഇതിവൃത്തം.

മലയൻ കുഞ്ഞ് എന്ന സിനിമയുടെ പിന്നിലെ മികവുറ്റ ടീം ആണ് ഈ സിനിമയിലേക്ക് ഏവരെയും ആകർഷിക്കുന്ന പ്രധാന ഘടകം. 30 വർഷങ്ങൾക്ക് ശേഷമുള്ള A R Rahman ന്റെ മലയാളത്തിലേക്കുള്ള തിരിച്ചു വരവ് എന്നത് ത്രസിപ്പിക്കുന്ന ഒരു അനുഭവം തന്നെയാണ്. മഹേഷ് നാരായണൻ തിരക്കഥ ഛായാഗ്രഹണം എന്നിവയിലൂടെ സിനിമയുടെ നെടുംതൂണായപ്പോൾ, ജ്യോതിഷ് ശങ്കർ ഒരുക്കിയ മികച്ച സെറ്റുകൾക്ക് സിനിമയുടെ രണ്ടാം പകുതിയിൽ നായകനോളം തന്നെ പ്രാധാന്യം ലഭിച്ചിട്ടുണ്ട്.

ഒരുപാട് മികവുകൾ പുലർത്തുമ്പോഴും എല്ലാത്തരം പ്രേക്ഷരേയും ഒരുപോലെ പിടിച്ചിരുത്താൻ പാകത്തിൽ ഒരു ത്രില്ലിംഗ് എക്സ്പീരിയൻസിലേക്ക് എത്താൻ സിനിമക്ക് കഴിഞ്ഞോ എന്നതിൽ സംശയമുണ്ട്...